19-03-2022

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/03/2022.

1. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക, ജലസേചനത്തോടൊപ്പം വളപ്രയോഗം നടപ്പിലാക്കുക, കർഷകരുടെ വരുമാനം ഉയർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിലൂടെ **സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടു** കൂടി സ്ഥാപിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. ഈ പദ്ധതിയിലൂടെ ഡ്രിപ്പ്, സ്പ്രിംഗ്ളർ എന്നീ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ കർഷകർക്ക് അവസരം ലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 80 ശതമാനവും മറ്റുള്ള കർഷകർക്ക് 70 ശതമാനവും പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടുക.

2. ക്ഷീരവികസന വകുപ്പ് വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്ക് പരിധിയിലുള്ള ക്ഷീരസംഘങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഉറിയാക്കോട് ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ **വെള്ളനാട് ബ്ലോക്ക് ക്ഷീരകർഷക സംഗമം** ഈ മാസം 21-ന് (മാർച്ച് 21) ഉറിയാക്കോട് സി.എസ്.ഐ ചർച്ച് ആഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. ഇതിനോടനുബന്ധിച്ച് ക്ഷീരവികസന സെമിനാർ, കന്നുകാലി പ്രദർശനം, ക്ഷീരകർഷകരെ ആദരിക്കൽ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

3. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിട കോഴിക്കുഞ്ഞുങ്ങൾ 22 രൂപ നിരക്കിലും പൂവൻ 10 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 21 മുതൽ 25 വരെ (മാർച്ച് 21 മുതൽ 25 വരെ)

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പനമരം ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെ ഹൈ-ടെക് നഴ്സറിയിൽ നിന്നും നാഗപതിവയ്ക്കൽ രീതിയിൽ വേര് പിടിപ്പിച്ച അത്യുത്പാദനശേഷിയുള്ള **പന്നിയൂർ വിജയ്, കരിമുണ്ട** എന്നീ ഇനങ്ങളിലുള്ള കുരുമുളകിൻ തൈകൾ തൈ ഒന്നിന് 25 രൂപ നിരക്കിൽ ഇൻസ്ട്രക്ഷണൽ ഫാം ഓഫീസിൽ നിന്നും ലഭ്യമാണ്.

6. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479 – 2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടികൾ**

7. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "**ജൈവ ജീവാണു വളങ്ങൾ**" എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി മാർച്ച് 21 ന് തുടങ്ങുന്നു. ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 20 (മാർച്ച് 20) ആണ്. 24 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 20 (മാർച്ച് 20) ആണ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്.. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **9497353389, 9567190858, 7559070461** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. സംസ്ഥാനത്ത് പെറ്റ്ഷോപ്പ് റൂൾ, ഡോഗ് ബ്രീഡിംഗ് റൂൾസ് എന്നിവ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി പെറ്റ്ഷോപ്പ് ഉടമകൾ, ഡോഗ് ബ്രീഡേഴ്സ് എന്നിവർക്കായി മൃഗസംരക്ഷണ വകുപ്പ് ജില്ലാ തലത്തിൽ സംഘടിപ്പിക്കുന്ന ബോധവത്ക്കരണത്തിന്റെ ഭാഗമായി പാറശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം ഈ മാസം 22 -ന് (മാർച്ച് 22) രാവിലെ 9 മണി മുതൽ പാറശാല ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് ഏകദിന ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു.

**കാർഷിക നിർദ്ദേശങ്ങൾ**

9. ചൂടുകൂടിയസമയങ്ങളിൽ കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം ശരീരത്തിൽ നേരിട്ട് പതിക്കാതെ നോക്കുന്നതുവഴി സൂര്യതാപത്തിൽനിന്നും രക്ഷനേടാം. വെയിലത്ത് പുറത്തിറങ്ങേണ്ടി വന്നാൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക, തണ്ണീർമത്തൻ, ഓറഞ്ച്, മുന്തിരി എന്നീ ഫലങ്ങളും, ചെറുനാരങ്ങ, നെല്ലിക്ക, ആപ്പിൾ എന്നീഫലങ്ങളുടെ പാനീയങ്ങളിലും ദാഹംശമിപ്പിക്കാൻ ഒരു പരിധിവരെ നല്ലതാണ്. വരണ്ട കാലാവസ്ഥ നിലനിൽക്കുന്നതിനാൽ വിളകൾക്ക് ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ആവശ്യാനുസരണം ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പം ഉണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. കണികാജലസേചനത്തിലൂടെ ജലനഷ്ട്ടം ഒരുപരിധിവരെ കുറക്കാനാകും. ചൂടിൽ നിന്നും സംരക്ഷിക്കാൻ തെങ്ങ്, വാഴ, കമുക് എന്നിവയുടെ തടത്തിൽ പുതയിടുന്നത് നല്ലതാണ്. ചൂടുകൂടിയ അന്തരീഷസ്ഥിതി തുടരുന്ന കാരണം വിളകളിൽ ഇലപ്പേൻ, വെള്ളീച്ച എന്നീ നീരൂറ്റികുടിക്കുന്ന പ്രാണികളുടെ ഉപദ്രവം കൂടാൻ ഇടയുള്ളതിനാൽ രണ്ടുശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ ഇലയുടെ മുകളിലും അടിയിലും വീഴത്തക്കവണ്ണം രണ്ടാഴ്ച്ച ഇടവിട്ടു തളിച്ചുകൊടുക്കുക. വളർത്തുപക്ഷി മൃഗാധികൾക്കു ആവ്യശ്യത്തിനു ശുദ്ധജലം നൽകണം, വെയിലിൽ നിന്നും ചൂടിൽ നിന്നും സംരക്ഷണം നൽകണം. താമസ സ്ഥലത്ത് വേണ്ടത്ര വായുസഞ്ചാരം ക്രമീകരിക്കണം.